# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4712** **23-07-2015-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തന പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ടി.എൻ. പ്രതാപൻ**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. ജോസഫ് വാഴയ്ക്കൻ**<br>**ശ്രീ. സി.പി.മുഹമ്മദ്** | | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)** |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതി നേടിയിട്ടുണ്ട്; | (എ) | ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനത്തിലുണ്ടായ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) **ശാഖകളുടെ എണ്ണം**<br>31.03.11 ൽ 376 ആയിരുന്നത് ഇപ്പോൾ 520 ആയി ഉയർന്നിട്ടുണ്ട്<br>2) **ജീവനക്കാരുടെ എണ്ണം**<br>31.03.2011 ൽ 5040 ആയിരുന്നത് ഇപ്പോൾ 6370 ആയി വർദ്ധിച്ചിട്ടുണ്ട്<br>3) **ചിട്ടി ബിസിനസ്സ്**<br>31.03.2011 ൽ 626 കോടി രൂപയായിരുന്നത് ഇപ്പോൾ 1333 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>4) **വായ്പ ബിസിനസ്സ്**<br>31.03.2011 ൽ 1711 കോടി. രൂപ വായ്പ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇത് 3450 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>5) **അറ്റാസ്തി**<br>31.03.2011 ൽ 191 കോടി രൂപയായിരുന്നത് ഇപ്പോൾ 468 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>6) **ലാഭവിഹിതം, ഗ്യാരണ്ടി കമ്മീഷൻ, സർവ്വീസ് ചാർജ്ജ്**<br>നാളിതുവരെ ഈ ഇനങ്ങളിൽ 653 കോടി രൂപ സംസ്ഥാന സർക്കാരിനു ലഭിച്ചതിൽ 334 കോടി രൂപയും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മാത്രം ലഭിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | 7) **<u>ആദായനികതി, സർവ്വീസ് ടാക്സ്</u>** നാളിതുവരെ ഈ ഇനങ്ങളിൽ 662.53 കോടി രൂപ കേന്ദ്രഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മാത്രം 403 കോടി രൂപ നൽകിയിട്ടുണ്ട്. 8) **<u>ഇടപാടുകാരുടെ എണ്ണം</u>** 31.03.11 ൽ 26 ലക്ഷം ആയിരുന്നത് ഇപ്പോൾ 32 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. |
| **(ബി)** | കെ.എസ്.എഫ്.ഇ.യുടെ ബിസിനസ്സ് ടേൺ ഓവർ എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | **(ബി)** | കമ്പനിയുടെ മൊത്തം ബിസിനസ്സ് ടേണോവർ 31.03.2011 ൽ 12,333 കോടി രൂപ ആയിരുന്നത് ഇപ്പോൾ 26,649 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| **(സി)** | കെ.എസ്.എഫ്.ഇ.യുടെ നിക്ഷേപത്തിലും ലാഭത്തിലും എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | **(സി)** | കെ.എസ്.എഫ്.ഇ.യുടെ നിക്ഷേപ പദ്ധതികൾ 31.03.2011 ൽ 3,097 കോടി രൂപയായിരുന്നത് ഇപ്പോൾ 7,441 കോടി രൂപയായും, ലാഭം 31.03.2011-ൽ 52 കോടി രൂപയായിരുന്നത് 220 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ